പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1184 **15-10-2026-ൽ മറുപടിയ്ക്ക്**

ഹജ്ജ് തീർത്ഥാടനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ഒരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

മറുപടി: ഹാജിമാർക്ക് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനായി പ്രാദേശിക / മണ്ഡലതലങ്ങളിൽ 1021 ഫീൽഡ് ടെയിനിംഗ് ഓർഗനൈസർമാരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഹജ്ജ് ക്യാമ്പിന് മുന്നോടിയായി ഹജ്ജ് ഹൗസ് അറ്റകുറ്റപണികൾ നടന്നുവരുന്നു. മുൻവർഷത്തെ ക്യാമ്പ് നടത്തിപ്പിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ക്യാമ്പ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും പുറപ്പെടുന്ന ഹജ്ജ് തീർത്ഥാടകർക്ക് യാത്രാനിരക്കിനത്തിൽ കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടായിരുന്ന വർദ്ധനവ് ഇപ്രാവശ്യം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

മറുപടി: കരിപ്പൂർ എംബാർക്കേഷൻ പോയിന്റിലെ അധികതുക കുറയ്ക്കുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിരന്തരം ബന്ധപ്പെട്ടിരുന്നു. അനൗദ്യോഗികമായി ലഭിച്ച വിവരമനുസരിച്ച് 39,030/-രൂപ വിമാന ചാർജ്ജ് ഇനത്തിൽ കോഴിക്കോട് എംബാർക്കേഷൻ പോയിന്റിൽ മുൻ വർഷത്തേതിൽ നിന്ന് കുറവ് വന്നിട്ടുണ്ട്. മുൻ വർഷം വിമാന ചാർജ്ജ് ഇനത്തിൽ കൊച്ചി എംബാർക്കേഷൻ പോയിന്റിനേക്കാൾ 21,613/-രൂപ അധികമുണ്ടായിരുന്നത് 7,607/-രൂപയായി കുറയുമെന്നാണ് ഇതിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്നത്. ഔദ്യോഗിക അറിയിപ്പുകൾ ലഭിച്ചിട്ടില്ല.

(സി) ഹജ്ജ് തീർത്ഥാടനത്തിനുശേഷം ഹജ്ജ് ഹൗസും അനുബന്ധ സൗകര്യങ്ങളും പൊതുസമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: 03.06.2026-ന് ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന ഹജ്ജ് കമ്മിറ്റി യോഗം ഹാജിമാരുടെ സൗദിയിലേക്കുള്ള യാത്രാസമയങ്ങളിൽ മാത്രം ഉപയോഗിക്കുന്ന ഹജ്ജ് ഹൗസും ഹജ്ജ് കമ്മിറ്റിയുടെ കോഴിക്കോട് കെട്ടിടവും

ഫലപ്രദമായി ഉപയോഗിക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കാനും മത്സരപരീക്ഷാ പരിശീലനം ഉൾപ്പെടെയുള്ള കാര്യത്തിൽ ഈ സൗകര്യം എങ്ങനെ ഉപയോഗപ്പെടുത്താം എന്ന കാര്യത്തിലും ഒരു ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഇങ്ങനെയുള്ള വിദ്യാഭ്യാസ പദ്ധതിയുടെ കേന്ദ്ര ഓഫീസായി കോഴിക്കോട് പുതിയറയിലെ കെട്ടിടം ഉപയോഗിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ